Draft #2 of File 3392/AC A 9-3/2026/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 03-Feb-2026 03:36 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

CBCS 2017 റെഗുലേഷൻസ് പ്രകാരമുള്ള അവസാന ബാച്ചിലെ വിദ്യാർത്ഥികൾക്ക് (2023 അഡ്മിഷൻ), റെഗുലേഷനിൽ പരാമർശിച്ചിട്ടുള്ള ഹാജർ മാപ്പാക്കൽ ആനുകൂല്യം (Condonation), പഠനകാലയളവിൽ രണ്ട് തവണ എന്നതിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 1161/AC A 9/2026/എം.ജി.യു     പ്രിയദർശിനി ഹിൽസ്,തീയതി: 04.02.2026

---

*പരാമർശം:*-1. 29.11.2025 തീയതിയിലെ 11258/ACA9/2025/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവ്.
2. 30.01.2026 തീയ്യതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ 202/26.01/3392/AC A9-3/2026.

**ഉത്തരവ്**

സർവകലാശാലയിൽ 2024 അധ്യയന വർഷം മുതൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചതിനാൽ, CBCS റെഗുലേഷൻ 2017 പ്രകാരം പ്രവേശനം നേടിയ നിലവിലെ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികളിൽ, ഓട്ടോണോമസ് കോളേജുകൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളേജുകളിൽ പരീക്ഷയ്ക്ക് shortage of attendance മൂലമോ മറ്റ് കാരണങ്ങളാലോ രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ റോൾ ഔട്ട് ആകുന്ന വിദ്യാർത്ഥികൾക്ക്, condonation limit-ൽ താഴെയാണ് ഹാജർ എങ്കിൽ പോലും ഇവർക്ക് മാത്രം condonation ഫീസ് അടച്ച് അഞ്ചാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനും, ആറാം സെമസ്റ്ററിൽ തുടർപഠനം സാധ്യമാക്കുന്നതിനും, arrears സപ്ലിമെന്ററി പരീക്ഷയായി എഴുതുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ CBCS 2017 റെഗുലേഷൻസ് പരാമർശം 16.1 പ്രകാരം, ഒരു വിദ്യാർത്ഥിക്ക് ബിരുദ പഠനകാലയളവിൽ രണ്ടു തവണ മാത്രമേ ഹാജർ മാപ്പാക്കൽ ആനുകൂല്യം ലഭിക്കുകയുള്ളു (പരമാവധി 10 ദിവസം വച്ച് ഏതെങ്കിലും രണ്ടു സെമസ്റ്ററുകളിൽ). ഈ സാഹചര്യത്തിൽ, CBCS 2017 റെഗുലേഷൻസ് പ്രകാരം ഇനിയൊരു ബാച്ചില്ലാത്തതിനാൽ, 2023 അഡ്മിഷൻ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് condonation ആനുകൂല്യം നൽകുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആറാം സെമസ്റ്ററിലേയ്ക്ക് തുടർ പഠനം സാധ്യമാക്കുന്നതിന്, റെഗുലേഷൻ പ്രകാരമുള്ള condonation limit പഠന കാലയളവിൽ രണ്ട് തവണ എന്നതിൽ ഇളവ് നൽകുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു .

30.01.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും, പരാമർശം (2) പ്രകാരം ചുവടെ ചേർത്തിട്ടുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു.

" CBCS 2023 അഡ്മിഷൻ വിദ്യാതഥികൾക്ക് shortage of Attendance മൂലമോ മറ്റ് കാരണങ്ങൾ മൂലമോ അഞ്ച്, ആറ് സെമസ്റ്ററുകളിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ വന്നാൽ പ്രത്യേക കേസായി പരിഗണിച്ച് condonation ലിമിറ്റിൽ ഇളവ് നൽകി (പ്രോഗ്രാമിൽ രണ്ട് തവണ എന്നുള്ളതും 75% Attendance എന്നുള്ളതും) condonation ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുവാൻ അനുവാദം നൽകുന്നതിന് തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുധ മേനോൻ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, പരീക്ഷ കൺട്രോളർ എന്നിവരുടെ പി. എ മാർ
3. ജെ ആർ II (ഭരണ വിഭാഗം)/ ഡി ആർ II / എ ആർ III (അക്കാദമിക് വിഭാഗം )
4.ACC1 സെക്ഷൻ/ഐ ടി സെൽ 2 സെക്ഷൻ
5. എല്ലാ ടാബുലേഷൻ സെക്ഷനുകളും/ACA3/ACA8/ACA12/ACA16/ACA17/EK 3 സെക്ഷനുകൾ.
6.പി.ആർ.ഒ /ഐ. ക്യൂ. എ. സി / റെക്കോർഡ് സെക്ഷനുകൾ
7. ACTION TAKEN REPORT
8.സർവകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേയും പ്രിൻസിപ്പൽമാർ
9 ഫയൽ/കരുതൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 3392/AC A9-3/2026/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 03-Feb-2026 03:36 PM - Page 2